**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി ഡിപ്പോ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി ഡിപ്പോ കാര്യക്ഷമമാക്കാനും ഡിപ്പോയിൽ നേരത്തെയുണ്ടായിരുന്ന ബസ് സർവ്വീസുകൾ പുനസ്ഥാപിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 47 ഓർഡിനറി, 6 ഫാസ്റ്റ് പാസഞ്ചർ, 2 സൂപ്പർ ഫാസ്റ്റ്, 1 സൂപ്പർ ഡീലക്സ് ഉൾപ്പെടെ ആകെ 56 സർവീസുകളാണ് പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നത്. നേരത്തെ ഉണ്ടായിരുന്ന സർവ്വീസുകളിലെ യാത്രക്കാർ കൂടുതലായി ആശ്രയിച്ചിരുന്ന ട്രിപ്പുകൾ ഉൾപ്പെടുത്തി സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കാഞ്ഞങ്ങാട് ഡിപ്പോ നിലവിൽ പ്രവർത്തനം മെച്ചപ്പെടുത്തി വരുന്നു. |
| (ബി) | കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും പാണത്തൂർ വഴി അന്തർ സംസ്ഥാന ബസ്സ് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ കാഞ്ഞങ്ങാട് യൂണിറ്റിൽ നിന്ന് പാണത്തൂർ വഴി സുള്ള്യയിലേയ്ക്ക് 3 അന്തർ സംസ്ഥാന സർവീസുകൾ നടത്തി വരുന്നുണ്ട്. അന്തർ സംസ്ഥാന കരാർ പ്രകാരം മാത്രമേ കൂടുതൽ അന്തർ സംസ്ഥാന സർവീസുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ